LIBRARY ARCHIVES Kerala Legislative Assembly

മലബാറിലെ പാചക-വാതക വിതരണം

250 (7221) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാറിൽ പാചക-വാതക വിതരണത്തിൽ പലപ്പോഴും തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചേളാരി പ്ലാന്റിൽ ജൂൺമാസത്തിൽ സിലിണ്ടർ വിതരണം സ്തംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) എന്തുകൊണ്ടാണ് അടിക്കടി സിലിണ്ടർ വിതരണം സ്തംഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ഡി) പാചക-വാതക വിതരണം അവശ്യസർവ്വീസ് നിയമത്തിൽ കൊണ്ടു വന്ന് വിതരണ നടപടികൾ ത്വരിതപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചേളാരി പ്ലാന്റിലെ പ്രവർത്തനം കയറ്റിറക്ക് കോൺട്രാക്റ്റ് തൊഴിലാളികളുടെ മെല്ലെപ്പോക്ക് നയംമൂലം 11-6-2014 മുതൽ 21-6-2014 വരെ ഭാഗികമായി തടസ്സപ്പെട്ടിട്ടുണ്ട്. കൂടാതെ ഹൗസ് കീപ്പിംഗ് കോൺട്രാക്ട് തൊഴിലാളികളുടെ സമരംമൂലം പ്ലാന്റിന്റെ പ്രവർത്തനം 23-6-2014 മുതൽ 3-7-2014 വരെ ഭാഗികമായും തടസ്സപ്പെട്ടിട്ടുണ്ട്.

(സി) കയറ്റിറക്ക് കോൺട്രാക്റ്റ് തൊഴിലാളികളുടെയും ഹൗസ് കീപ്പിംഗ് ജീവനക്കാരുടെയും ട്രക്ക് തൊഴിലാളുകളുടെയും വിതരണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെയും അടിക്കടി ഉണ്ടാകുന്ന സമരങ്ങൾ മൂലം സിലിണ്ടർ വിതരണം സ്തംഭിക്കാറുണ്ട്.

(ഡി) പാചക-വാതക വിതരണം അവശ്യസർവ്വീസ് നിയമത്തിൻ കീഴിൽ കൊണ്ടുവന്നിട്ടുണ്ട്.

അരൂർ നിയോജക മണ്ഡലത്തിലെ പാചക വാതക വിതരണം

251 (7222) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ നിയോജകമണ്ഡലത്തിൽ പാചകവാതക വിതരണം നടത്തുന്ന ഏജൻസികൾ ഏതെല്ലാമാണ് ; ഏതെല്ലാം കമ്പനികളാണ് പ്രസ്തുത ഏജൻസികൾക്ക് പാചക വാതകം വിതരണംചെയ്യുന്നത് എന്നറിയിക്കുമോ ;